"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മണിയൂർ ഗവ. ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.161/2026/LSGD തീയതി,തിരുവനന്തപുരം, 20-01-2026

---

പരാമർശം:-

1. 11.07.2022-ലെ സ.ഉ.(സാധാ) നം.1646/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. 26.11.2024-ലെ സ.ഉ.(സാധാ) നം.2296/2024/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
3. 15.09.2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 2.4(4) ഖണ്ഡിക 4.47 നമ്പർ തീരുമാനം.

**ഉത്തരവ്**

മണിയൂർ ഗ്രാമപഞ്ചായത്തിലെ ഗവ.ഐ.റ്റി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 12.02.2019 മുതൽ 2022-23 വരെയുള്ള വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഐ.റ്റി.ഐ. യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി 12.02.2019 ൽ ഗ്രാമപഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ 2024-25 മുതലുള്ള വാടക വ്യാവസായിക പരിശീലന വകുപ്പ് നൽകണമെന്ന നിബന്ധനയോടെ 2023- 24 ലെ വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പ്രസ്തുത ഐ.റ്റി.ഐ. യ്ക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2025 ആഗസ്റ്റ് മാസത്തോടു കൂടി പൂർത്തീകരിക്കുമെന്നും ആയതിനാൽ ഐ.റ്റി.ഐ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക തുടർന്നും ഗ്രാമപഞ്ചായത്ത് തന്നെ നൽകുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വ്യാവസായിക

പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരാമർശം(3) പ്രകാരമുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും ഭരണസമിതിയുടെ കാലാവധി തീരുന്ന സാഹചര്യത്തിൽ, 2025 ആഗസ്റ്റ് മാസം വരെയുള്ള വാടക മുൻവർഷങ്ങളിൽ നിലനിന്ന നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകുകയും ചെയ്യുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ, മണിയൂർ ഗവ.ഐ.റ്റി.ഐ. പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2025 ആഗസ്റ്റ് മാസം വരെയുള്ള വാടക മുൻവർഷങ്ങളിൽ നിലനിന്ന നിരക്കിൽ മണിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 20-01-2026 11:02:32

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.